# ഫാ.സ്റ്റാൻ സ്വാമിയുടെ മോചനം: എൻഎൽഎഫ്ആർപി കേരള ഘടകം നിവേദനം നൽകി

**കൽപ്പറ്റ:** ഫാ.സ്റ്റാൻ സ്വാമിയെ ജയിൽമോചിതനാക്കണമെന്നു അഭ്യർഥിച്ചു രാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി എന്നിവർക്കു നാഷണൽ ലോയേഴ്സ് ഫോറം ഓഫ് റിലിജിയസ് ആൻഡ് പ്രീസ്റ്റ്സ്(എൻഎൽഎഫ്ആർപി)കേരള ഘടകം നിവേദനം നല്കി.

ജാർഖണ്ഡിലെ ആദിവാസികളുടെ ഉന്നമനത്തിനു ദീർഘകാലമായി പ്രവർത്തിക്കുന്ന വയോധികനും രോഗിയുമായ ഫാ.സ്റ്റാൻ സ്വാമിയെ രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റു ചെയ്തു തുറുങ്കിലടച്ചതു അപലപനീയമാണ്.

നിരപരാധിയെങ്കിലും കുറ്റാരോപിതനെന്ന നിലയിൽ അന്വേഷണ ഏജൻസിയോടു സഹകരിച്ച വ്യക്തിയാണ് ഫാ. സ്റ്റാൻ. രാജ്യത്തെ നിയമവ്യവസ്ഥകളോടു വിധേയത്വം പ്രകടിപ്പിച്ചാണ് അദ്ദേഹം ജനങ്ങൾക്കൊപ്പം നിലപാടുകളെടുത്തത്. മാനവികതയിലൂന്നിയ പൗരബോധത്തിന്റെ പേരിൽ ദളിതരെയും ആദിവാസികളെയും ചേർത്തുപിടിക്കുന്നവർക്കുള്ള മുന്നറിയിപ്പാണ് ഫാ.സ്റ്റാൻ സ്വാമിയെ ഭരണകൂടം കൈകാര്യം ചെയ്ത രീതി.

വടക്കേഇന്ത്യയിലെ അവികസിത മേഖലകളിൽ സേവനം ചെയ്യുന്ന ക്രിസ്ത്യൻ മിഷണറിമാർക്കുനേരേ വർധിച്ചുവരുന്ന അതിക്രമങ്ങൾ ഭരണഘടന ന്യൂനപക്ഷങ്ങൾക്കു നൽകുന്ന അവകാശങ്ങളിലുള്ള കടന്നുകയറ്റമാണ്.

നിർബന്ധിത മതപരിവർത്തനമാണ് അടുത്തകാലംവരെ മിഷണറിമാർക്കെതിരെ ഭരണകൂടം പ്രയോഗിച്ചിരുന്ന ആയുധം. ഇതിന്റെ പൊള്ളത്തരം മതാന്ധത ബാധിച്ചിട്ടില്ലാത്ത പൊതുസമൂഹം തിരിച്ചറിഞ്ഞതോടെയാണ് മിഷണറിമാരെ വ്യക്തിപരമായി വേട്ടയാടാൻ തുടങ്ങിയത്.

ജനാധിപത്യവും നിയമവാഴ്ചയും ഭരണഘടനാസ്ഥാപനങ്ങളുടെ സ്വാതന്ത്ര്യവും രാജ്യത്തു പുലരണമെന്നു ആഗ്രഹിക്കുന്ന ജനകോടികളെ ഇത്തരം നടപടികൾകൊണ്ട് പിന്നോട്ടടിക്കാനാകില്ലെന്നും എൻഎൽഎഫ്ആർപി കേരള ഘടകം പ്രസിഡന്റ് അഡ്വ.ഫാ.തോമസ് ജോസഫ് തേരകം,സെക്രട്ടറി അഡ്വ.സിസ്റ്റർ ജോമോൾ ജോയ്,ട്രഷറർ അഡ്വ.ഫാ.സിബി എന്നിവർ പറഞ്ഞു.